# കേരള സർവകലാശാല

നം. പി.ആർ.009/2018
ഫോൺ : 2305738

## പത്രക്കുറിപ്പ്

## മൂല്യനിർണ്ണയം അദ്ധ്യാപകർ ഹാജരാകണം

കേരള സർവകലാശാല 2017 ജൂണിൽ നടത്തിയ രണ്ട്, നാല് സെമസ്റ്ററുകളുടെയും 2017 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്ററിന്റേയും (ബി.എ/ബി.കോം/ബി.എസ്സി - സി.ബി.സി.എസ്- കരിയർ റിലേറ്റഡ് കോഴ്സുകൾ) ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ ആർട്ട്സ് & സയൻസ് കോളേജിലേയും, യു.ഐ.റ്റി കേന്ദ്രങ്ങളിലേയും റഗുലർ ക്ലാസ്സുകൾ റദ്ദ് ചെയ്തുകൊണ്ട് ജനുവരി 15 മുതൽ 25 വരെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പന്തളം എന്നിവിടങ്ങളിലെ മൂല്യനിർണ്ണയകേന്ദ്രങ്ങളിൽ ആരംഭിക്കുന്നതാണ്. മൂല്യനിർണ്ണയകേന്ദ്രങ്ങളുടെ വിശദവിവരങ്ങൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ ന്യൂസ് എന്ന ലിങ്കിൽ ലഭിക്കും.

## കെ.പി. രാമനുണ്ണിക്ക് കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം: കേരള സർവകലാശാല ലൈബ്രറിയിൽ പുസ്തകപ്രദർശനം

2017-ലെ കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരജേതാവായ പ്രശസ്ത സാഹിത്യകാരൻ കെ.പി. രാമനുണ്ണിയുടെ കൃതികളുടെ പ്രദർശനം ജനുവരി 10 മുതൽ 17 വരെ കേരള സർവകലാശാല ലൈബ്രറിയിൽ സംഘടിപ്പിക്കുന്നു. പ്രദർശനത്തിൽ അദ്ദേഹത്തിന്റെ കഥാസമാഹാരങ്ങൾ, നോവലുകൾ, ലേഖന സമാഹാരങ്ങൾ, പത്രങ്ങളിലും ആനുകാലികങ്ങളിലും പ്രസിദ്ധീകരിച്ച ലേഖനങ്ങൾ, അഭിമുഖങ്ങൾ മുതലായവ ഉൾപ്പെടുത്തിയിരിക്കുന്നു. ലൈബ്രറി അംഗങ്ങൾ അല്ലാത്തവർക്കും പ്രദർശനം കാണാൻ സൗകര്യമുണ്ടായിരിക്കുന്നതാണ്.

## മോക്ഡ്രിൽ നടത്തി

അഗ്നിബാധ അപകടങ്ങൾ നേരിടാനുള്ള പരിശീലനത്തിന്റെ ഭാഗമായി കേരള സർവകലാശാല സെനറ്റ് ഹൗസ് ക്യാമ്പസിൽ മോക്ഡ്രിൽ നടത്തി. സർവകലാശാല എൻജിനീയറിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്ന മോക്ഡ്രിൽ സർവകലാശാല രജിസ്ട്രാർ ഡോ. ആർ. ജയചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഒരു ചെറിയ പുക ഉണ്ടാകുമ്പോൾ തന്നെ ഫയർ അലാറം പ്രവർത്തിക്കുന്ന രീതി, വിവിധയിനം ഫയർ എക്സിറ്റിൻക്യൂഷറുകൾ കൈകാര്യം ചെയ്യേണ്ട വിധം എന്നിവ മോക്ഡ്രില്ലിലൂടെ വിശദീകരിച്ചു. പ്ലാനിംഗ് ആന്റ് ഡവലപ്പ്മെന്റ് ഡയറക്ടർ ഡോ. മിനി ഡിജോ കാപ്പൻ, സർവകലാശാല എൻജിനിയർ ശ്രീമതി. കെ.ശോഭ, ജോയിന്റ് രജിസ്ട്രാർ ഡോ. കെ. രാഘവൻ, മറ്റ് സർവകലാശാല ജീവനക്കാർ തുടങ്ങിയവർ മോക്ഡ്രില്ലിൽ പങ്കെടുത്തു.

## ബി.എഡ് ഫലം

കേരള സർവകലാശാല 2017 മേയിൽ നടത്തിയ ഒന്നും മൂന്നും സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഐ.ഡി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയ

ത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 30 വരെ അപേക്ഷിക്കാവുന്നതാണ്.

കേരള സർവകലാശാല 2016 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (എം.ആർ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 30 വരെ അപേക്ഷിക്കാവുന്നതാണ്.

## സൂക്ഷ്മപരിശോധനയ്ക്ക് ഹാജരാകണം

കേരള സർവകലാശാല 2017 ഫെബ്രുവരിയിൽ നടത്തിയ ഏഴാം സെമസ്റ്റർ ബി.എ/ബി.കോം/ബി.ബി.എ എൽ.എൽ.ബി ഇന്റഗ്രേറ്റഡ് പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ജനുവരി 11 മുതൽ 19 വരെയുള്ള പ്രവൃത്തിദിവസങ്ങളിൽ തിരിച്ചറിയൽ രേഖയും ഹാൾടിക്കറ്റുമായി പുനഃപരിശോധന വിഭാഗത്തിൽ (EJ 1 Section) എത്തിച്ചേരണം.

## എം.ഫിൽ ഫലം

കേരള സർവകലാശാല 2017 ഒക്ടോബറിൽ നടത്തിയ 2016-17 ബാച്ച് (സി.എസ്.എസ്) എം.ഫിൽ കൊമേഴ്സ്, ഹിസ്റ്ററി, ഫിസിക്സ്, ജിയോളജി, സ്റ്റാറ്റിസ്റ്റിക്സ്, ലേർണിംഗ് ഡിസെബിലിറ്റി, സംസ്കൃതം, കൺസൾട്ടിങ് സൈക്കോളജി, കമ്പ്യൂട്ടർ സയൻസ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## മാർക്ക്ലിസ്റ്റുകൾ കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം 2017 നവംബറിൽ നടത്തിയ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ മാർക്ക്ലിസ്റ്റുകൾ എസ്.ഡി.ഇ യുടെ (പാളയം) ഓഫീസിൽ നിന്നും ജനുവരി 11 മുതൽ ഹാൾടിക്കറ്റുമായി വന്ന് കൈപ്പറ്റേണ്ടതാണ്.

## പി.ജി ഡിപ്ലോമ ഇൻ ജെറിയാട്രിക് കൗൺസലിംഗ്

കേരള സർവകലാശാല മനഃശാസ്ത്ര വിഭാഗത്തോടനുബന്ധിച്ചു പ്രവർത്തിക്കുന്ന സെന്റർ ഫോർ ജെറിയാട്രിക് സ്റ്റഡീസിൽ തുടങ്ങുന്ന പി.ജി ഡിപ്ലോമ കോഴ്സിലേക്ക് (പി.ജി.ഡി.ജി.സി) അപേക്ഷ ക്ഷണിച്ചു. ഒരു വർഷ ദൈർഘ്യമുള്ള പ്രസ്തുത കോഴ്സിൽ ചേരുന്നതിനു ഡിഗ്രിയാണ് അടിസ്ഥാന യോഗ്യത. കോഴ്സ് ഫീസ് 10000 രൂപ. ഉയർന്ന പ്രായപരിധി 60 വയസ്സ്. ശനി, ഞായർ ദിവസങ്ങളിൽ കാര്യവട്ടം ക്യാമ്പസിലുള്ള മനഃശാസ്ത്രവിഭാഗത്തിലാണ് ക്ലാസ്സുകൾ നടത്തുന്നത്. 2018 ജനുവരി 30 വരെ അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷഫോറത്തിനും വിശദവിവരങ്ങൾക്കും ഫോൺ :9447221421.

## ബി.ടെക് ഫലം

കേരള സർവകലാശാല 2017 സെപ്റ്റംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.ടെക് (പാർട്ട്-ടൈം റീസ്ട്രക്ച്ചേർഡ്) (2008 സ്കീം റഗുലർ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
10.01.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098